മികച്ച വിജയം നേടിയ കോഴിക്കോട് ചെറുവണ്ണൂർ ഗവ.വൊക്കേഷണൽ ആൻഡ് ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾക്ക് വികെസി എൻഡോവ്മെന്റ് അവാർഡ് മുൻ എംഎൽഎ വികെസി മമ്മദ്കോയ സമ്മാനിച്ചപ്പോൾ

ജനങ്ങളുടെ ചെലവിൽ നവകേരള സദസ് നടത്തുന്നത് പ്രതിപക്ഷ നേതാക്കളെ അപമാനിക്കാൻ: വി.ഡി. സതീശൻ

മാനസികനില പ്രശ്നമായി തോന്നുന്ന മുഖ്യമന്ത്രി ഉടൻ ചികിത്സ തേടണം

തൃശൂർ: പ്രതിപക്ഷത്തെയും പ്രതിപക്ഷ നേതാക്കളെയും അപമാനിക്കാൻ വേണ്ടിയാണ് ജനങ്ങളുടെ ചെലവിൽ നടത്തുന്ന നവകേരള സദസിനെ മുഖ്യമന്ത്രി ഉപയോഗിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. പ്രതിപക്ഷ നേതാവ് തോന്നിയ പോലെ കാര്യങ്ങൾ ചെയ്യുന്ന ആളാണെന്നും മാനസികനില തകരാറിലാണെന്നും ബഹിഷ്ക്കരണ വീരനാണെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. നവകേരള സദസ് ബഹിഷ്ക്കരിക്കാനുള്ള തീരുമാനം എടുത്തത് യുഡിഎഫാണ്.

യുഡിഎഫിന്റെ തീരുമാനമാണ് താൻ പ്രഖ്യാപിച്ചത്. അല്ലാതെ തോന്നിയ പോലെ ചെയ്തതല്ല. സ്വന്തം സ്വഭാവം മറ്റൊരാളുടെ തലയിൽ കെട്ടിവയ്ക്കുകയാണ് മുഖ്യമന്ത്രി. മന്ത്രിസഭയിലോ പാർട്ടിയിലോ ഘടകകക്ഷിയിലോ ചർച്ച ചെയ്യാതെ ഏകാധിപത്യം നടപ്പാക്കുന്ന ധിക്കാരിയായ മുഖ്യമന്ത്രിയാണ് എനിക്കെതിരേ ആക്ഷേപം പറഞ്ഞത്. മറ്റുള്ളവരുടെ മാനസിക നിലയെ കുറിച്ച് മുഖ്യമന്ത്രിക്ക് എപ്പോഴും സംശയമാണ്. നിയമസഭയിൽ ഒരു ഡസൺ തവണയിൽ അധികം മറ്റുള്ളവരുടെ മാനസിക നിലയെ കുറിച്ച് മുഖ്യമന്ത്രി സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. കാണുന്ന എല്ലാവരുടെയും മാനസിക നില തകരാറിലാണോ എന്ന് സംശയിക്കുന്നത് തന്നെ ഒരു അസുഖമാണ്. മുഖ്യമന്ത്രി അടിയന്തിരമായി ഡോക്ടറെ കാണണം.

പ്രതിപക്ഷം ഉന്നയിച്ച ആക്ഷേപങ്ങൾ ശരി വയ്ക്കുന്നതാണ് കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസിലറുടെ പുനർനിയമനം റദ്ദാക്കിയുള്ള സുപ്രീംകോടതി വിധി. യുജിസി മാനദണ്ഡങ്ങൾ ലംഘിച്ചാണ് വിസിയെ നിയമിച്ചത്. വിസിക്ക് വേണ്ടി ചാൻസിലറായ ഗവർണർക്ക് പ്രോ-ചാൻസിലറായ മന്ത്രി കത്തെഴുതിയത് നിയമ വിരുദ്ധമാണ്. വിസി നിയമനത്തിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഇടപെടാൻ പാടില്ല. കത്തെഴുതുക മാത്രമല്ല, പ്രായപരിധി കഴിഞ്ഞയാൾക്ക് നിയമ വിരുദ്ധമായി നിയനം നൽകുകയും ചെയ്തു. ഇതാണ് സുപ്രീം കോടതി റദ്ദാക്കിയത്.

നിയമവിരുദ്ധ വി.സി നിയമനത്തിൽ അനാവശ്യമായ ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായെന്ന ഗുരുതരമായ കണ്ടെത്തലും വിധിയിലുണ്ട്. ഈ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ.ബിന്ദു രാജി വച്ച് പുറത്ത് പോകണമെന്ന് സതീശൻ ആവശ്യപ്പെട്ടു. നിയമസഭ പാസാക്കിയ ബില്ലുകൾ ഗവർണർ അനാവശ്യമായി പിടിച്ചുവയ്ക്കാൻ പാടില്ല.

സർക്കാരും ഗവർണറും ചേർന്ന് ജനങ്ങളെ കബളിപ്പിക്കുകയാണ്. ഗവർണറും സർക്കാരും തമ്മിൽ ഒരു തർക്കവുമില്ല. സർക്കാർ പ്രതിസന്ധിയിലാകുമ്പോൾ തർക്കമുണ്ടെന്ന് വരുത്തിത്തീർക്കാനാണ് ഗവർണർ ശ്രമിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു.

മികച്ച വിജയം നേടിയ വിദ്യാർഥികൾക്ക് വികെസി എൻഡോവ്മെന്റ് അവാർഡ്

കോഴിക്കോട്: കഴിഞ്ഞ അധ്യയന വർഷത്തെ പൊതുപരീക്ഷകളിൽ ഏറ്റവും അധികം മാർക്ക് കരസ്ഥമാക്കി മികച്ച വിജയം നേടിയ കോഴിക്കോട് ചെറുവണ്ണൂർ ഗവ.വൊക്കേഷണൽ ആൻഡ് ഹയർസെക്കൻഡറി സ്കൂളിലെവിദ്യാർഥികൾക്ക് വികെസി എൻഡോവ്മെന്റ് അവാർഡ് സമ്മാനിച്ചു. ബേപ്പൂർ മുൻ എംഎൽഎ വികെസി മമ്മദ്കോയ അവാർഡ് വിതരണം ചെയ്തു. കോർപ്പറേഷൻ വാർഡ് കൗൺസിലർ ഷഹർബാൻ, ചെറുവണ്ണൂർ എച്ച്എസ്എസ് പ്രിൻസിപ്പൽ സഫിയ കെ, ഹെഡ്മാസ്റ്റർ ദിലീപ്കുമാർ, പിടിഎ പ്രസിഡന്റ് അജയൻ കെ.പി, വൈസ് പ്രസിഡന്റ് അബ്ദുൽറഷീദ്.കെ, വിഎച്ച്എസ്ഇ പ്രിൻസിപ്പൽ അനിത എം.എ, പിടിഎ പ്രസിഡന്റ് രതി.എം, അവാർഡ് കൺവീനർ സഞ്ജീവ്കുമാർ.പി, വികെസി ട്രസ്റ്റ് പ്രതിനിധി കൃഷ്ണമണി പങ്കെടുത്തു.എച്ച്എസ്എസ് വിഭാഗത്തിൽ ദിൽഹ.വി, വിഎച്ച്എസ്ഇ വിഭാഗത്തിൽ ഫാത്തിമ റുഷ്ദ, എസ്എസ്എൽസിക്ക് ആയിഷ സഫിയഎന്നിവരാണ് അവാർഡിന് അർഹരായത്. എല്ലാവർഷവും സ്കൂൾ, കോളെജ്തലങ്ങളിൽ കോഴിക്കോട് യൂണിവേഴ്സിറ്റി, കോഴിക്കോട് എഞ്ചിനീയറിംഗ് കോളെജ് തുടങ്ങി 15ഓളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ വിഭാഗങ്ങളിലായി വികെസി അവാർഡ് നൽകുന്നുണ്ട്.

പഠന മികവിൻ പ്രോത്സാഹനം നൽകുന്നതോടൊപ്പം സമൂഹത്തിന്റെ ഉന്നമനത്തിനും രാജ്യത്തിന്റെ സമഗ്ര പുരോഗതിക്കും വിദ്യാഭ്യാസത്തിന്റെയും വിശാലമായ അറിവിന്റെയും അനിവാര്യത പുതിയ തലമുറയ്ക്ക് ബോധ്യപ്പെടുത്തുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമാൺ വികെസി എൻഡോവ്മെന്റ് അവാർഡ്.

യുവാവിനെ ചവിട്ടി കൊന്ന കേസിൽ പ്രതികൾക്ക് 7 വർഷം കഠിന തടവ്

കഠിന തടവിന് ശിക്ഷിച്ച പ്രതികൾ.

തൃശൂർ: ശക്തൻ സ്റ്റാൻഡിൽ യുവാവിനെ ചവിട്ടി കൊന്ന കേസിൽ തമിഴ്നാട് സ്വദേശികളെ 7 വർഷം കഠിന തടവിനും ഒരു ലക്ഷം രൂപ വീതം പിഴയടക്കാനും ശിക്ഷിച്ചു. കന്യാകുമാരി സ്വദേശി രാജ് എന്ന സത്യരാജ് (32) പാലക്കാട് വാഴക്കാക്കുടം സ്വദേശി ബാബു (36) എന്നിവരെയാണ് തൃശൂർ ഒന്നാം അഡി.ജില്ലാ ജഡ്ജ് കെ.ഇ. സ്വാലിഹ് ശിക്ഷിച്ചത്.

2022 ഫെബ്രുവരി 16ന് രാത്രിയിലാണ് കേസിനാസ്പദമായ സംഭവം. ശക്തൻ സ്റ്റാർഡിൽ വെച്ച് കൂടെയുള്ള സ്തീകളെ കളിയാക്കി ഉപദ്രവിക്കാൻ ശ്രമിച്ചുവെന്ന് ആരോപിച്ച് പ്രതികൾ നെല്ലിയാംപതി സ്വദേശി ജയനെ (40) ചവിട്ടിയും ഇടിച്ചും മർദ്ദിച്ച് പരിക്കേൽപ്പിച്ച് ഉംപക്ഷിച്ച് പോകുകയായിരുന്നു. ആശുപത്രിയിൽ പ്രവേശിപ്പിച്ച ജയൻ പിന്നിട് മരിച്ചു. ഡിഎൻഎ ടെസ്റ്റ് നടത്തിയാണ് മരിച്ചയാളെ തിരിച്ചറിഞ്ഞത്. തൃശൂർ ഈസ്റ്റ് സി.ഐ ലാൽകുമാർ കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിൽ സിസിടിവി ദൃശ്യങ്ങളും ഡിഎൻഎ പരിശോധന അടക്കമുള്ള ശാസ്ത്രീയ തെളിവുകളും ഹാജരാക്കി. ദൃക്സാക്ഷികളെല്ലാം കൂറു മാറിയ കേസിന്റെ വിചാരണയിൽ ശാസ്ത്രിയ തെളിവുകൾ നിർണായകമായി. പ്രോസിക്യൂഷൻ ഭാഗത്ത് നിന്ന് 19 സാക്ഷിളെ വിസ്തരിക്കുകയും 45ഓളം തെളിവുകൾ ഹാജരാക്കുകയും ചെയ്തു.

പ്രോസിക്യൂഷനു വേണ്ടി ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ:കെ.ബി സുനിൽ കുമാർ പബ്ലിക് പ്രോസിക്യൂട്ടർ ലിജി മധു എന്നിവർ ഹാജരായി.

തൃശൂർ ക്യാമറ നിരീക്ഷണത്തിലേക്ക്...

നഗരത്തിൽ 48 അത്യാധുനിക ക്യാമറകൾ സ്ഥാപിക്കും

തൃശൂർ : അക്രമങ്ങളും കുറ്റകൃത്യങ്ങളും മയക്കുമരുന്ന് ഉപഭോഗവും തടഞ്ഞ് ജനജീവിതം സുരക്ഷിതമാക്കുന്നതിനായി കെഎസ്ആർടിസി, ശക്തൻ തമ്പുരാൻ സ്റ്റാൻഡുകളിലും പരിസരത്തും അത്യാധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നു. ടി.എൻ പ്രതാപൻ എംപിയുടെ വികസന ഫണ്ടിൽ നിന്നാണ് ക്യമറകൾ സജ്ജമാക്കുന്നത്. സമൂഹത്തിൽ പലതരത്തിലുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുറ്റവാളികൾ രക്ഷപ്പെടുന്നത് തടയുന്നതിനും കുറ്റകൃത്യങ്ങൾ ഒഴിവാക്കുന്നതിനും നിരീക്ഷണ ക്യാമറകളുടെ അനിവാര്യത സിറ്റി പൊലീസ് കമ്മീഷണർ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) സാങ്കേതികവിദ്യയുള്ള അത്യാധുനിക നിരീക്ഷണ ക്യമറകൾ സ്ഥാപിക്കുന്നതെന്ന് എംപി പറഞ്ഞു.

പകൽ വെളിച്ചത്തിലും രാത്രിയിലും ഒരുപോലെ ക്യാമറയുടെ നിരീക്ഷണം ഉള്ള പ്രദേശത്തെ മുഴുവൻ ചലനങ്ങളും മാറ്റങ്ങളും ലഭ്യമാക്കുന്ന സംവിധാനമാണ്ആധുനിക ക്യാമറയ്ക്കുള്ളത്. ഇതിനായി സിറ്റി പൊലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം കെഎസ്ആർടിസി ബസ്സ് സ്റ്റാൻഡ് പരിസരത്ത് സ്ഥാപിച്ചിട്ടുണ്ട്.

30 ലക്ഷം രൂപ ചെലവിൽ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി 48 ക്യാമറകളാണ് സ്ഥാപിക്കുന്നത്.ക്യാമറകളുടെ സ്വിച്ച് ഓൺ നാളെ രാവിലെ 11ന് ടി.എൻ. പ്രതാപൻ. എം.പി. നിർവഹിക്കും. മേയർ എം.കെ വർഗീസ് അധ്യക്ഷത വഹിക്കും. പി.ബാലചന്ദ്രൻ എംഎൽഎ മുഖ്യാതിഥിയാകും. ജില്ലാ കലക്ടർ വി.ആർ കൃഷ്ണതേജ, ഡിഐജി അജിതാബീഗം, സിറ്റി പൊലീസ് കമ്മീഷണർ അങ്കിത് അശോക് പങ്കെടുക്കും.

നവകേരള സദസിന് ഫണ്ട് നൽകുന്നതിൽ വിയോജിപ്പ്: ജില്ലാ പഞ്ചായത്ത് യോഗത്തിൽ നിന്ന് പ്രതിപക്ഷം ഇറങ്ങി പോയി

തൃശൂർ : നവകേരള സദസിന് ജില്ലാ പഞ്ചായത്ത് ഫണ്ട് അനുവദിക്കുന്ന തീരുമാനത്തെ എതിർത്ത് പ്രതിപക്ഷം. സാമൂഹ്യ ക്ഷേമ പെൻഷൻ മുതൽ മരുന്നിന് പോലും തുക അനുവദിക്കാൻ സാധിക്കാത്ത തരത്തിലും തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് ശരിയായി നല്കാൻ സാധിക്കാത്ത രീതിയിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി തകർന്ന സാഹചര്യത്തിൽ കൊടിയ ധൂർത്തായി മാറിയ നവകേരള സദസിന് ജില്ലാ പഞ്ചായത്ത് പണം അനുവദിച്ചാൽ ജനം പൊറുക്കില്ലെന്ന് പ്രതിപക്ഷം ചൂണ്ടിക്കാട്ടി.

ഭരണ സമിതിയുടെ തീരുമാനത്തെ എതിർത്ത് വിയോജന കുറിപ്പെഴുതി ജില്ലാ പഞ്ചായത്ത് യോഗത്തിൽ നിന്നു പ്രതിപക്ഷ അംഗങ്ങൾ ഇറങ്ങിപ്പോയി. ജൂലൈയിൽ അനുവദിക്കേണ്ട വികസന ഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചത് നവം.6നാണ്. ഉത്തരവ് വന്നുവെങ്കിലും ഫണ്ട് ജില്ലാ പഞ്ചായത്തിന് ലഭിച്ചിട്ടില്ല .അതിനാൽ വികസന പദ്ധതികൾ എല്ലാം അവതാളത്തിലാണെന്ന് പ്രതിപക്ഷം പറഞ്ഞു.

അഞ്ച് ലക്ഷത്തിലധികം വരുന്ന തുക ട്രഷറി പാസാക്കാത്തതിനാൽ പുതിയ കരാറുകൾ എടുക്കാൻ ആരും മുന്നോട്ട് വരുന്നില്ല. ഇതിന് പുറമെ ലൈഫ് പദ്ധതി, കാൻസർ രോഗികൾക്കുള്ള പദ്ധതി, ഭിന്നശേഷിക്കാർ, മാനസിക - ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾ , അങ്കണവാടി കുട്ടികൾ, എസ് സി, എസ്ടി കുട്ടികൾ തുടങ്ങിയവർക്കുള്ള ഫണ്ട് ചിലവഴിക്കേണ്ടതും ഈ ഫണ്ടിൽ നിന്നാണ്. ഫണ്ട് ലഭിക്കാൻ വൈകുന്നതിനാലും ഈ പദ്ധതികളും സ്തംഭിച്ചു. നവംബറിൽ അനുവദിക്കേണ്ട മൂന്നാം ഗഡു എന്ന് അനുവദിക്കുമെന്ന് ഒരു നിശ്ചയവുമില്ല. ഇന്നത്തെ സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തിലേതു പോലെ മാർച്ച് 30ന് തന്നെയേ അനുവദിക്കാൻ വഴിയുള്ളു. ഫണ്ട് വൈകുന്നത് ഈ സാമ്പത്തിക വർഷത്തെ വികസന പ്രവർത്തനത്തെ കാര്യമായി ബാധിക്കും.

ഇപ്പോൾ പദ്ധതി ചെലവ് വെറും 21 ശതമാനമാണ്. ഈ സാഹചര്യത്തിൽ ധൂർത്തായി മാറിയ നവകേരള സദസിന് തുക അനുവദിക്കുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കാത്തതിനാൽ മരുന്നിനും പോലും ഗതിയില്ലാത്ത പാവപ്പെട്ടവരുടെ കണ്ണുനീർ കാണാത്ത മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ധൂർത്തിന് പ്രതിപക്ഷത്തിന് കൂട്ടുനില്ക്കാൻ സാധിക്കാത്തതിനാലാണ് യോഗം ബഹിഷ്ക്കരിക്കുന്നത്.

ജനങ്ങളോട് എന്തെങ്കിലും പ്രതിബദ്ധതയുണ്ടെങ്കിൽ തീരുമാനത്തിൽ നിന്നു ഭരണസമിതി പിന്മാറേണ്ടതാണെന്ന് പ്രതിപക്ഷ പാർലിമെന്ററി പാർട്ടി നേതാവ് അഡ്വ.ജോസഫ് ടാജറ്റ്, ഭാരവാഹികളായ ജിമ്മി ചൂണ്ടൽ, ലീല സുബ്രമണ്യൻ പറഞ്ഞു.

അറിയിപ്പ്

KL 04 U 3586, LGV വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ SANTHOSH PALLICHADATH (H), VENGINISSERY, PARALAM, THRISSUR. ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതിമുതൽ 7 ദിവസത്തിനകം തൃപ്രയാർ RTO യിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്.

എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃപ്രയാർ

അറിയിപ്പ്

KL 08 BD 4876, LGV വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ RAMESH, CHIRUKANDATH (H), MANALUR, THRISSUR. ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതിമുതൽ 7 ദിവസത്തിനകം തൃപ്രയാർ RTO യിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്.

എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃപ്രയാർ

NAME CHANGE

I KAPPUNGAL JOSE JOEMON (AS PER PASSPORT NO.L7530622), S/O JOSE K. V., KAPPUNGAL, PUNNACHDU ROAD, PEECHI, (NADATHARA) THRISSUR-680751, KERALA, DO HEREBY CHANGE MY NAME TO **JOMON K J**

നോട്ടീസ്

1998 മാർച്ചിലെ 286581 രജിസ്റ്റർ നമ്പറിലുള്ള എന്റെ SSLC കാർഡ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതിനാൽ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷ നൽകുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

RAMYA.K.S
PANANGADAN HOUSE, PUTHENCHIRA P.O

നോട്ടീസ്

2001 മാർച്ചിലെ 386967 രജിസ്റ്റർ നമ്പറിലുള്ള എന്റെ SSLC കാർഡ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതിനാൽ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷ നൽകുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

SOUMYA.K.S
KUNDOLY HOUSE, KODASSERY P.O.

CHANGE OF NAME

I YADHUKRISHNA (NAME AS IN MY PASSPORT NO : T 6678861), RESIDING AT MOOKAMBIKA NIVAS, MANNUTHY. P.O, THRISSUR-680651 - KERALA , DO HEREBY CHANGE MY NAME "YADHUKRISHNA VELUTHEDATH BABURAJAN " (NAME AS PER BIRTH CERTIFICATE, AADHAR) WITH IMMEDATE EFFECT

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.

ശാഖ ഓഫീസ്: ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022

പ്രൊവിസോ റൂൾ 8(6) കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്ത് വായിക്കുക. പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ്.

വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ **ഫിസിക്കൽ കൈമാറ്റ** പ്രകാരവും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ 'എവിടെയൊണോ ഉള്ളത്' 'എന്താണോ ഉള്ളത്' 'എങ്ങനെയാണോ ഉള്ളത്' അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ എന്തെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	പന്തലൂക്കാരൻ ഫ്രാൻസിസ് ആൻസൺ (വായ്പക്കാരൻ) ഒരിയ പോൾ (സഹവായ്പക്കാരൻ) പി എ ഫ്രാൻസിസ് & സൺസ് പന്തലൂക്കാരൻ ജ്വല്ലറി (സഹവായ്പക്കാരൻ) Loan A/c No. LHTHR00001329572	റസിഡൻഷ്യൽ ബംഗ്ലാവ്, സർവെ നമ്പർ 57/1, 55/1, വെള്ളാനിക്കര വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ- 680651	Rs. 63,59,116/- November 20, 2023	Rs. 43, 06,203/- Rs. 4,30,630/-	December 11, 2023 11:00 AM- 03:00 PM	December 19, 2023 02:00 PM- 03:00 PM
2.	സുരേഷ് കെ ആർ (വായ്പക്കാരൻ) സുമിത സുരേഷ് (സഹവായ്പക്കാരൻ) Loan A/c No. LHTHR00001313779	സർവെ നമ്പർ 975/7, 975/1, പറപ്പക്കര വില്ലേജ്, മുകുന്ദപുരം താലൂക്ക്, തൃശൂർ, തൃശൂർ- 680317	Rs. 18,65,801/- November 20, 2023	Rs. 13, 12,747/- Rs. 1,31,280/-	December 11, 2023 11:00 AM- 03:00 PM	December 19, 2023 02:00 PM- 03:00 PM
3.	ഗോപകുമാർ എൻ എം (വായ്പക്കാരൻ) വിഷ്ണുപ്രിയ വി എം (സഹവായ്പക്കാരൻ) Loan A/c No. LHCOC00001371928 & LHCOC00001372267	ചാലക്കുടി, ഒല്ലിയം, തൃശൂർ, റിസർവെ നമ്പർ 171 2 22, തൃശൂർ, കേരളം- 680306	Rs. 42,10,667/- November 23, 2023	Rs. 29, 13,084/- Rs. 2,91,310/-	December 11, 2023 11:00 AM- 03:00 PM	December 19, 2023 02:00 PM- 03:00 PM

ലേല ഏജൻസി ഗ്രോബ് ടെക്നിന്റെ **(യുആർഎൽ ലിങ്ക് https://BestAuctionDeal.com)** വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് **ഡിസംബർ 18 , 2023** വൈകിട്ട് 5 മണി വരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇഎംഡി), ആർടിജിഎസ്/ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022** എന്ന വിലാസത്തിലേക്ക് **ഡിസംബർ 18 , 2023 വൈകിട്ട് 4 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോമിന്റെയും ബിഡ് ഡേസ് ആൻഡ് കണ്ടിഷൻ ഫോമിന്റെയും പ്ലെട്ട കോപ്പി **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ് , ബിൽഡിംഗ് നമ്പർ 28/ 127/ 5 പാട്ടുരക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ - 680022** എന്ന വിലാസത്തില